പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4127 27/06/2012-ൽ മറുപടിക്ക്

**വിജയകുമാർ കാണിയുടെ മകൾക്ക് സ്കൂളിൽ പ്രവേശനം നിഷേധിച്ച സംഭവം**

ചോദ്യം

ശ്രീ.എ.റ്റി.ജോർജ് :

മറുപടി

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ കീഴിൽ പെരിങ്ങമ്മല, ഞാറനീലി, ഡോ.അംബേദ്ക്കർ വിദ്യാ-നികേതൻ (സി.ബി.എസ്.ഇ) സ്കൂളിൽ ഇന്റർവ്യൂ പാസ്സാകുകയും ക്ളാസ്സ് ആരംഭിച്ചപ്പോൾ ചാക്കപ്പാറ വിജയശ്രീ ഭവനിൽ, വിജയകുമാർ കാണിയുടെ മകളുടെ പ്രവേശനം നിഷേധിക്കുകയും ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു; | (എ) | ഉണ്ട് . വിജയകുമാർ കാണിയുടെ മകൾ വിജയശ്രീ 2012-13 അദ്ധ്യയന വർഷത്തെ 1-ാം ക്ളാസ്സ് പ്രവേശന-ത്തിനുള്ള റാങ്ക് ലിസ്റ്റിലെ വെയിറ്റിംഗ് ലിസ്റ്റിൽ 2-ാം റാങ്കുകാരിയാണ്. മെയിൻ ലിസ്റ്റിൽ 2 കുട്ടികൾ ഹാജരായില്ലെങ്കിൽ മാത്രമെ ടി കുട്ടിക്ക് പ്രവേശനം ലഭിക്കുകയുള്ളൂ. |
| (ബി) | വിജയകുമാർ കാണിയുടെ മകൾക്ക് അഡ്മിഷൻ നൽകുന്നതിന് നടപടി സ്വീകരിക്കാമോ? | (ബി) | മെയിൻ ലിസ്റ്റിൽ 2 കുട്ടികൾ ഹാജ-രാകാത്ത പക്ഷം വിജയകുമാർ കാണിയുടെ മകൾക്ക് പ്രവേശനം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ